A3-9303/ 06 Office of the Director of Urban Affairs
Thiruvananthapuram, Dt. 02 /09/06.

**17.08.2006 ൽ മുനിസിപ്പൽ ഹൗസ് വഴുതക്കാട്, തിരുവനന്തപുരത്ത് വച്ചു നടന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്**

സംസ്ഥാനത്തെ നഗരസഭകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നഗരഭരണം കാര്യക്ഷമമാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധച്ച് ചർച്ച ചെയ്യുന്നതിനാണ് പ്രസ്തുത യോഗം വിളിച്ചു ചേർത്തത്. നിശ്ചയിച്ചപ്രകാരം യോഗം കൃത്യം 9.55 ന് ആരംഭിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് സെക്രട്ടറി ശ്രീ.ടി.കെ.ജോസ് ഐ.എ.എസ് യോഗത്തിൽ അധ്യക്ഷം വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധം 1 ൽ നൽകിയിരിക്കുന്നു.

## ആമുഖം

യോഗത്തിലേക്ക് എല്ലാവരെയും സ്വാഗതം ചെയ്ത് കൊണ്ടും നഗരഭരണ സംവിധാനം മെച്ചപ്പെടുത്തേണ്ട ആവശ്യകത സംബന്ധിച്ചും നഗരകാര്യ ഡയറക്ടർ, ശ്രീ.എ.ഷാജഹാൻ, ഐ.എ.എസ് വിശദീകരിച്ചു. നഗരസഭ ജീവനക്കാരുടെ സേവന വിവരങ്ങൾ 10 ദിവസത്തിനകം നൽകുന്നതിന് നഗരകാര്യ ഡയറക്ടറുടെ 1.8.2006 ലെ B6-9304/06 നം അർദ്ധ ഔദ്യോഗിക കത്ത് മുഖേന ആവശ്യപ്പെട്ടിരിന്നുവെങ്കിലും 17.8.2006 നകം 11 നഗരസഭകളിൽ നിന്നു മാത്രമാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളു എന്ന് അറിയിച്ചു. സർക്കാരിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ യഥാസമയം നൽകുന്ന കാര്യത്തിൽ നഗരസഭ സെക്രട്ടറിമാർ കൃത്യത പാലിക്കേണ്ടതായി ഓർമ്മിപ്പിച്ചും നഗരസഭ ഏറ്റെടുത്ത് നടത്തുന്ന വിവിധ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രധാന പങ്ക് വഹിക്കേണ്ടി വരുന്ന നഗരസഭ സെക്രട്ടറിമാർ തങ്ങളുടെ പ്രവർത്തന കാര്യക്ഷമത സംബന്ധിച്ച് ഒരു ആത്മപരിശോധന നടത്തുന്നതിനും, പഞ്ചായത്ത്, നഗരവികസനം, ഗ്രാമവികസനം, ടൗൺപ്ലാനിംഗ് എന്നീ വകുപ്പുകൾ ഒരേ മന്ത്രിയുടെ കീഴിൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിൽ വന്നിട്ടുള്ള സാഹചര്യത്തിൽ തൊട്ടു മുമ്പ് നിലവിലുണ്ടായിരുന്ന കാഴ്ചപ്പാടിൽ നിന്നും വ്യത്യസ്ഥമായി നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം, നഗര-ഗ്രാമാസൂത്രണം തുടങ്ങിയ വകുപ്പുകളുടെ പരസ്പര സംയോജിതമായ പ്രവർത്തനത്തിന്റെ അനിവാര്യതയും വിശദമാക്കി.

ഇനി മുതൽ കൃത്യമായി എല്ലാ മാസവും നഗരസഭ സെക്രട്ടറിമാരുടെ അവലോകന യോഗം നടത്തുന്നതാണെന്നും, മീറ്റിംഗിന് 5 ദിവസം മുൻപായി അജണ്ട വെബ്സെറ്റിലും, ഇമെയിൽ മുഖേനയും എല്ലാ നഗരസഭ സെക്രട്ടറിമാർക്കും ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. മേഖലാതലത്തിൽ മീറ്റിംഗ് നടത്തുന്നതിനും, നയപരമായ സർക്കാർ ഉത്തരവുകളിലും, എക്സിക്യൂട്ടീവ് ഓർഡറുകളിലും അടിയന്തിര

നടപടി സ്വീകരിക്കുന്നതിനും, നഗരവികസനത്തിന് പുതിയ ഒരു ദിശാബോധം നൽകുന്നതിനും സഹായകരമാവുന്നതരത്തിൽ നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു.

അടുത്തതായി തദ്ദേശ സ്വയം ഭരണ സെക്രട്ടറി ശ്രീ.ടി.കെ.ജോസ് ഐ.എ.എസ് സംസാരിച്ചു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥൻമാരെയും പരിചയപ്പെട്ട ശേഷം ഈ മീറ്റിംഗിന്റെ ഉദ്ദേശലക്ഷ്യങ്ങളും മാസം തോറും ഇത് കൃത്യമായും ഗൗരവമായും നടത്തേണ്ടതിന്റെ ആവശ്യകതയും എടുത്തു പറഞ്ഞു. ഒരു ദിവസം നീണ്ടു നിൽക്കുന്ന ഈ മീറ്റിംഗിൽ ബന്ധപ്പെട്ട എല്ലാ ഏജൻസികൾക്കും നിശ്ചിത സമയം നൽകുന്നതാണെന്നും അറിയിച്ചു. ഈ സംവിധാനം ഒരു തുടർ പരിപാടിയായി എല്ലാ മാസത്തിന്റെയും 8 ാംമത്തെയോ 10 ാംമത്തെയോ പ്രവർത്തി ദിവസം നടത്താവുന്നതാണെന്നും അറിയിച്ചു. കേരളത്തിന്റെ സാമൂഹ്യ - സാമ്പത്തിക ക്രമത്തിൽ നഗരസഭകൾ വഹിക്കുന്ന പങ്ക് സുപ്രധാനമാണ്. മുൻ വർഷങ്ങളിലെ പ്രവർത്തനം വിലയിരുത്തി ഇപ്പോഴത്തെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നതിനും പ്രവർത്തന മികവ് കാഴ്ച വയ്ക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഇത്തരം റിവ്യൂ മീറ്റിംഗുകൾ. സംസ്ഥാനത്തെ ഏകദേശം 80% റവന്യു വരുമാനം ലഭിക്കുന്നത് നഗരസഭ പ്രദേശങ്ങളിൽ നിന്നും ആയതിനാൽ അതു പോലെ തന്നെ പ്രവർത്തന-സേവന മികവും ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. ഓരോ മാസവും നടത്തുന്ന നഗരസഭാ സെക്രട്ടറിമാരുടെ യോഗത്തിന്റെ നടത്തിപ്പ്, മിനിട്ട്സ് തയ്യാറാക്കൽ തുടങ്ങിയവ മാറി മാറി ഓരോ നഗരസഭാ സെക്രട്ടറിമാർ വഹിക്കേണ്ടതാണെന്നും **<u>അടുത്ത യോഗത്തിന്റെ ചുമതല നെയ്യാറ്റിൻകര, നെടുമങ്ങാട്, വർക്കല</u>** മുനിസിപ്പൽ സെക്രട്ടറിമാർ സംയുക്തമായി ഏറ്റെടുക്കണമെന്നും നഗരസഭാ സെക്രട്ടറിമാരെ യഥാർത്ഥ അർബൻ മാനേജർമാരാക്കി മാറ്റുന്നതിനുള്ള ശ്രമമാണ് നാം നടത്തേണ്ടത്. ഒരു ചങ്ങലയിലെ ഏറ്റുവും ദുർബലമായ കണ്ണിയുടെ ശക്തിയാണ് ആ ചങ്ങലയുടെ യഥാർത്ഥ ശക്തി. ഏറ്റവും ദുർബലമായ കണ്ണിയെ ശക്തിപ്പെടുത്തിയില്ലെങ്കിൽ ചങ്ങല പൊട്ടിപ്പോകും. നഗരസഭ ജീവനക്കാരുടെ സദുദ്ദേശ്യത്തോടെയുള്ള പ്രവൃത്തികൾ മൂലം നേരിടേണ്ടി വരുന്ന പ്രയാസങ്ങളെ ദൂരീകരിക്കാൻ പരമാവധി സഹായിക്കും.

നഗരസഭകളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷങ്ങളായി കേരള സർക്കാരിൽ നിന്നും, കേന്ദ്ര സർക്കാരിൽ നിന്നും വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള തുക യഥാസമയം വിനിയോഗിക്കാത്തത് കാരണം ലഭിച്ച ഫണ്ട് ലാപ്സായി പോകുന്ന അവസ്ഥ ഗവൺമെന്റ് സെക്രട്ടറി ചൂണ്ടികാട്ടി. ചെലവിട്ട തുകയുടെ തന്നെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നഗരസഭ സെക്രട്ടറിമാരുടെ ഭാഗത്തു നിന്നുള്ള വീഴ്ച ന്യായീകരിക്കാവുന്നതല്ല എന്നും അറിയിച്ചു. കേന്ദ്ര സർക്കാർ വിവിധ പദ്ധതികൾക്ക് വേണ്ടി വിലയിരുത്തിയിട്ടുള്ള തുക നേടി എടുക്കുന്നതിനും നഗരസഭകൾ ആവശ്യമായ പ്രോജക്ട് പ്രപ്പോസൽ തയ്യാറാക്കുന്നതിനും ആയതിനു വേണ്ടി കൗൺസിലും, സെക്രട്ടറി ഉൾപ്പെടെയുള്ള

ജീവനക്കാരും ഒരു ടീമായി പ്രവർത്തിച്ച് നഗരവികസനം എന്നലക്ഷ്യം നേടിയെടുക്കുന്നതിന് തയ്യാറാകണമെന്ന് അഭിപ്രായപ്പെട്ടു. നഗരസഭകളുടെ ഭരണത്തിൽ മുൻകൈയുള്ള സെക്രട്ടറിമാർ യഥാർത്ഥത്തിൽ മുനിസിപ്പൽ മാനേജർ തന്നെയാണെന്ന വസ്തുതകൂടി ഓർമ്മിപ്പിച്ചു. നഗരകാര്യ വകുപ്പ് ഇപ്രകാരം പ്രവർത്തിച്ചാൽ 2 വർഷം കൊണ്ട് കേരളത്തിലെ എറ്റുവും മികച്ച വകുപ്പായി മാറും. സർക്കാരിൽ നിന്നും ഡയറക്ടറേറ്റിൽ നിന്നും ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ 7 ദിവസത്തിനകം ലഭ്യമാക്കുന്നതിനും സെക്രട്ടറിമാർ നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടു. നഗരസഭ സെക്രട്ടറിമാർ ഇപ്പോൾ നഗരസഭ ഭരണവുമായി ബന്ധപ്പെട്ട് നേരിടുന്ന വിഷമതകൾ കുറെയൊക്കെ അറിയാമെങ്കിലും, പരിമിതികളും പ്രതിബന്ധങ്ങളും അറിഞ്ഞു മനസ്സിലാക്കി അവയെ തരണം ചെയ്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും ആവശ്യപ്പെട്ടു.

UIDSSMT തുടങ്ങിയ പുതിയ പദ്ധതികളും, തുടർന്നു പോകുന്ന പദ്ധതികളും കൃത്യമായി നടപ്പിലാക്കുന്നതിനും സെക്രട്ടറിമാർ മുഖ്യ പ്ങ്ക് വഹിക്കേണ്ടതാണെന്നും, ഇക്കാര്യത്തിൽ നിലവിൽ തടസ്സമായി കണ്ടു വരുന്നത് നഗരസഭ ജീവനക്കാരുടെ ഇടക്കിടെയുള്ള സ്ഥലംമാറ്റം ആണെന്നതിനാൽ പുതിയ ഗവൺമെന്റിന്റെ കീഴിൽ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ഒരു സാമ്പത്തിക വർഷത്തിൽ ജീവനക്കാരുടെ സ്ഥലംമാറ്റം ഒഴിവാക്കുന്നതിനും പരമാവധി ശ്രമിക്കും.

Solid Waste Mangement മെച്ചപ്പെട്ട രീതിയിൽ നടന്നു വരുന്നതായും നഗരസഭ പ്രദേശങ്ങളിൽ വീടുകൾ തോറും  നടപ്പിലാക്കിയിട്ടുള്ള ചവർ ശേഖരണം വഴി നഗരസഭകളുടെ പ്രവർത്തനം അഭിനന്ദനം അർഹിക്കുന്നതാണെന്നും പരാമർശിച്ചു. ക്ളീൻ കേരള മിഷൻ, കുടുംബശ്രീ, IKM, KSUDP, MGP എന്നീ സ്ഥാപനങ്ങളുടെയും നഗരസഭകളുടെയും സംയോജിതമായ പ്രവർത്തനം വഴി നഗരസഭകളുടെ പ്രവർത്തന ശൈലിയിൽ എടുത്തു പറയത്തക്ക മാറ്റങ്ങൾ വന്നിട്ടുള്ളതായി അഭിപ്രായപ്പെട്ടു. പൊതുജന പങ്കാളിത്തത്തോടെ വാർഡുകൾ കേന്ദ്രീകരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഇനിയും വർദ്ധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടു. നഗരസഭകളിൽ ഇനി അടുത്ത 5 വർഷങ്ങളിലായി നടപ്പിലാക്കേണ്ട പദ്ധതികൾ തയ്യാറാക്കുന്നതിനും സാങ്കേതിക വിദഗ്ദ്ധരുമായി ചർച്ചകൾ നടത്തി, വൻകിട പദ്ധതികൾ വിദഗ്ദ്ധമായ പ്ളാനിംഗിലൂടെ പൂർത്തിയാക്കുന്നതിനും, നഗരവികസനം വഴി കേരളത്തിന്റെ തന്നെ വികസനത്തിനും വഴിയൊരുക്കണമെന്നും അഭിപ്രായപ്പെട്ടു. നഗരസഭകളിൽ രൂപികൃതമായിട്ടുള്ള വിവിധ റസിഡൻസ് അസോസിയേഷനുകളുമായി ഒരു കൂട്ടായ പ്രവർത്തനം നഗരഭരണ സംവിധാനം മെച്ചപ്പെടുത്തുന്നതിന് കഴിയുമെന്നും നഗരസഭ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും, മറ്റു ജീവനക്കാരുമായി ഒരുമിച്ച് പ്രവർത്തനം നടത്തേണ്ടതാണെന്നും നഗരവികസനം ലക്ഷ്യമാക്കി പ്രവർത്തനശൈലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. സെക്രട്ടറിമാർ

ഇക്കാര്യത്തിൽ വഹിക്കേണ്ട പങ്ക് സംബന്ധിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടതാണെന്നും അദ്ദേഹം വിശദീകരിച്ചു.

ഇമെയിൽ, ഇന്റർനെറ്റ് എന്നീ സംവിധാനങ്ങൾ ഒരു അവശ്യഘടകമായിട്ടുള്ള ഈ കാലഘട്ടത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ വലിയ ഒരു പങ്ക് വഹിക്കുന്ന നഗരസഭകളിലും, നഗരസഭ സെക്രട്ടറിമാരും ഈ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താത്തത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതല്ലെന്നും അടിയന്തിരമായി ഇപ്പോഴത്തെ അവസ്ഥയിൽ മാറ്റം വരുത്തേണ്ടതാണെന്നും അദ്ദേഹം അറിയിച്ചു. എല്ലാ നഗരസഭകളിലും ഇന്റർനെറ്റ്/ഇമെയിൽ സൗകര്യം നടപ്പിലാക്കണം.
നടപടി : എല്ലാ നഗരസഭാ സെക്രട്ടറിമാരും ഉടൻ കൈക്കൊള്ളേണ്ടതാണ്.
തുടർന്ന് യോഗം അജണ്ട ഇനം തിരിച്ചുള്ള നടപടികളിലേക്ക് കടന്നു.

**<u>Item No : 1</u>**

തുടർന്ന് ക്ളീൻ കേരള മിഷൻ ഡയറക്ടർ ശ്രീ.സലീം നഗരവൽക്കരണവും നഗരാസൂത്രണവും സംബന്ധിച്ചു സംസാരിച്ചു.

നഗരവൽക്കരണം അതിവേഗം നടന്നു വരുന്ന ഒരു പ്രതിഭാസമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ജനങ്ങൾക്കു വേണ്ടി അടിസ്ഥാനസൗകര്യങ്ങളായ പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, ചികിത്സ, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ആവശ്യമായ സഹായ സൗകര്യങ്ങൾ നൽകുന്നതിനും നഗരസഭകൾ വഹിക്കേണ്ട പങ്കിനെക്കുറിച്ചും ആയത് മുന്നിൽ കണ്ട് മികച്ച രീതിയിൽ നഗരഭരണം നടപ്പിലാക്കുന്നതിലേക്കായി പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടത് ആവശ്യമാണ്. പരിസ്ഥിതിയ്ക്ക് അനുയോജ്യമായ തരത്തിലുള്ള പുതിയ പദ്ധതികൾ തയ്യാറാക്കേണ്ടത് ആവശ്യമാണ്. ഖരമാലിന്യ സംസ്കരണ പദ്ധതി ഇനിയും നടപ്പിലാക്കിയിട്ടില്ലാത്ത നഗരസഭകളിൽ നഗരസഭ സെക്രട്ടറിമാർ മുൻകൈ എടുത്ത് പദ്ധതി അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതാണ്. കേരളത്തിൽ 48 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലായി ഖരമാലിന്യ സംസ്കരണ പ്ളാന്റുകളുടെ പണി പൂർത്തിയായി കഴിഞ്ഞിട്ടുള്ളതായും ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണെന്നും അറിയിച്ചു.

മാലിന്യം റോഡുകളിൽ നിക്ഷേപിക്കുന്നത് ഒഴിവാക്കുന്നതിനു വേണ്ടി മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിക്കുന്നതിനും ആയതു ജൈവം, അജൈവം, അപകടകരമായ അവശിഷ്ടവസ്തുക്കൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചു ജനകീയ കൂട്ടായ്മയോടെ വളം നിർമ്മാണം വീടുകളിൽ തന്നെ നടത്താം. ഇത് വളരെ വിജയകരമായ ഒരു സംരഭമാണെന്നും വേസ്റ്റ് മിനിമൈസേഷൻ പ്രോൽസാഹിപ്പിക്കുന്നതിനും നഗരശുചീകരണവുമായി ബന്ധപ്പെട്ട പുതിയ പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കുന്നതിനും, വികസനോന്മുഖമായ തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കായി ആവശ്യമായ ഉപകരണങ്ങൾ

ലഭ്യമാക്കുന്നതിനും വേണ്ടി Clean Kerala Mission ൽ നിന്നും എല്ലാ സഹായസഹകരണവും അദ്ദേഹം ഉറപ്പ് നൽകി. അടുത്ത സെക്രട്ടറിമാരുടെ മീറ്റിംഗ് നഗരസഭകളിൽ ശുചീകരണ പ്ളാന്റുകൾ സ്ഥാപിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചു വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാരോടും അദ്ദേഹം അഭിപ്രായപ്പെട്ടു.

നടപടി: എല്ലാ നഗരസഭാ സെക്രട്ടറിമാരും അടുത്ത മീറ്റിംഗിന് മുൻപായി കൈക്കൊള്ളേണ്ടതാണ്.

## **Item No : 2**

തുടർന്ന് ചീഫ് ടൗൺ & കൺട്രി പ്ളാനിംഗ് വകുപ്പിലെ ടൗൺ പ്ളാനർ ശ്രീമതി.ടി.സുധ IDSMT, UIDSSMT തുടങ്ങിയ വിവിധ പദ്ധതികളെക്കുറിച്ചും തദ്ദേശ സ്വയം ഭരണ പ്രദേശങ്ങളിൽ വ്യാപകമായി നടന്നു വരുന്ന അനധികൃത നിർമ്മാണത്തെക്കുറിച്ചും സംസാരിച്ചു. അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും 13.7.06, 7,8,06 എന്നീ തീയതികളിൽ പുറപ്പെടുവിച്ച 22040/E1/06 തദ്ദേശ സ്വയം ഭരണ വകുപ്പ് നം സർക്കുലറുകൾ പ്രകാരം ടി നിർമ്മാണങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതാണെന്നും മുനിസിപ്പൽ ആക്ടിലെയും ബിൽഡിംഗ് റൂളിലെയും വ്യവസ്ഥകൾക്ക് വിധേയമായി അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും നഗരസഭ സെക്രട്ടറിമാർ നിയമാനുസൃതം നടപടികൾ സ്വീകരിക്കേണ്ടതാണെന്നും വ്യക്തമാക്കി. നിയമം പാലിക്കുന്നവരും, നിയമം ലംഘിക്കുന്നവരും എന്നിങ്ങനെ രണ്ടു തരം പൗരൻമാരാക്കി സംസ്ഥാനത്തെ ജനങ്ങളെ തരം തിരിക്കേണ്ടി വരുന്നത് ശരിയായ പ്രവണത അല്ലെന്നും, അനധികൃത നിർമ്മാണം ഒരു തരത്തിലും പ്രോൽസാഹിപ്പിക്കരുതെന്നും, ടി നിർമ്മാണങ്ങൾ സ്ഥിരമായി നടത്തുന്ന ബിൽഡേഴ്സിനെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തുന്നത് ഉൾപ്പെടെ വിശദമാക്കിക്കൊണ്ട് പുറപ്പെടുവിച്ചിട്ടുള്ള ടി 2 സർക്കുലറിലെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി. കൂടാതെ റോഡ് വികസനത്തിനായി സ്ഥലം സറണ്ടർ ചെയ്യുന്നത് പ്രകാരം ഉടൻ അതിര് തിരിക്കുന്നതിനും, റിപ്പയറിന്റെ മറവിലും, അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തുന്നില്ല എന്നും, വൺ ഡേ പെർമിറ്റ് വഴി നിർമ്മാണ അനുമതി നൽകുന്നത് 30 ദിവസത്തിനകം സ്ഥലപരിശോധന നടത്തി വ്യത്യാസങ്ങൾ ഒന്നും ഇല്ലെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും ആവശ്യപ്പെട്ടു.

എന്നാൽ ടി 2 സർക്കുലറുകളിലെയും നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉണ്ടെന്നും സർക്കുലറിലെ നിർദ്ദേശപ്രകാരം അനധികൃത നിർമ്മാണത്തിന് നമ്പർ നൽകുന്നതും ടാക്സ് പിരിക്കുന്നതും അനധികൃത

നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിന് കാരണമാകുമെന്നും സർക്കുലറിലെ നിർദ്ദേശപ്രകാരം അനധികൃത നിർമ്മാണം കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നാൽ, ഇക്കാര്യത്തിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിനും കഴിയാതെ വരുമെന്നും ആയതിനാൽ സർക്കുലർ അടിയന്തിരമായി പുനഃ പരിശോധിക്കണമെന്നും നഗരസഭാ സെക്രട്ടറിമാർ അഭിപ്രായപ്പെട്ടു.

(തീരുമാനം സർക്കുലർ പുനഃ പരിശോധിക്കുന്നതാണ്. നഗരസഭാ സെക്രട്ടറിമാർ ഈ സർക്കുലറിൽ വന്നിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി ചീഫ് ടൗൺ പ്ലാനർക്ക് റിപ്പോർട്ട് നൽകുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ശുപാർശ സർക്കാരിലേക്ക് നൽകുന്നതിന് ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തി).

തുടർന്ന് അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ചുള്ള സർക്കുലറിലെക്കുറിച്ച് നേരത്തെ പരാമർശിച്ച സംശയങ്ങൾ ദൂരീകരിക്കപ്പെടുമെന്നും, നടപടി ക്രമങ്ങൾ സുഗമമാക്കുന്നതിനും, പരാതിരഹിതമാക്കിന്നതിനും ഉദ്ദേശിച്ചുക്കൊണ്ടാണ് ടി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുള്ളതെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിനു വേണ്ടി ശ്രീ.ടി.കെ.ജോസ് ഐ.എ.എസ് വ്യക്തമാക്കി. കൂടാതെ അനധികൃത നിർമ്മാണങ്ങൾ കണ്ടുപിടിച്ച് നടപടി കൈക്കൊള്ളുന്നതിനും, ആയതിലേക്ക് ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിനും നഗരസഭ സെക്രട്ടറിമാരോടു നിർദ്ദേശിച്ചു. നടപടിക്രമങ്ങൾ എല്ലാം സുതാര്യമായിരിക്കേണ്ടതാണെന്നും, നിയമം കൃത്യമായി പാലിക്കുന്നതായി ഉദ്യോഗസ്ഥൻമാർ ഉറപ്പ് വരുത്തുന്നതിനും, കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. ഇത്തരം അനധികൃത നിർമ്മാണം നടത്തുന്ന ബിൽഡേഴ്സിനെ ബ്ളാക്ക് ലിസ്റ്റിൽപ്പെടുത്തി വിവരം ജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതാണെന്നും അറിയിച്ചു.

നടപടി: എല്ലാ നഗരസഭാ സെക്രട്ടറിമാരും സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനങ്ങളിൽ മുഖ്യമായ വസ്തു നികുതി 13 വർഷത്തോളമായി പുതിക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിലേക്ക് നടപടി ആരംഭിച്ചിട്ടുണ്ടെന്നും ആയതിനു വേണ്ടി ഫീൽഡ് സർവ്വേ നടത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ ഫോമുകൾ തയ്യാറാക്കിയിട്ടുള്ളത് നഗരസഭകൾക്ക് അയച്ചു കഴിഞ്ഞുവെന്നും ഫീൽഡ് സർവ്വേ നടത്തുന്നതിനും ജീവനക്കാർക്ക് ആവശ്യമായ ട്രെയിനിംഗ് റീജീയണൽ തലത്തിൽ 18,19,22 തീയതികളിൽ നൽകുന്നതണെന്നും, ഓഗസ്റ്റ് 30 ന് മുൻപ് സർവ്വേ പൂർത്തിയാക്കി ഓരോ നഗരസഭയും തയ്യാറാക്കുന്ന ഫോമുകൾ സർക്കുലർ നിർദ്ദേശപ്രകാരം പൂർത്തിയാക്കുവാൻ ഡയറക്ടർ നിർദ്ദേശിച്ചു.

നടപടി: നഗരസഭാ സെക്രട്ടറിമാർ

## Item No : 3

തുടർന്ന് സംസാരിച്ച മുൻ മുനിസിപ്പൽ ഡയറക്ടർ ശ്രീ. എസ്. പരമേശ്വരൻ നായർ നഗരസഭ പ്രദേശങ്ങളിലെ വസ്തു നികുതി പുനർ നിർണ്ണയം നടത്തുന്നതിനും സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ച് വിശദീകരിച്ചു.

വസതു നികുതി പുനഃ നിർണ്ണയം ചെയ്യുന്നതിന് പ്രൈം സോൺ, സെക്കൻഡറി സോൺ, ടെർഷ്യറി സോൺ എന്നിങ്ങനെയും കെട്ടിടങ്ങളിലേക്കുള്ള പ്രവേശന സൗകര്യം, റോഡ് എന്നിങ്ങനെ കണക്കിലെടുത്ത് L1,L2,L3,L4 എന്നിങ്ങനെയും 4 തരം തിരിച്ചിട്ടുള്ളതായും ഓരോ നഗരസഭകളും ഏതെല്ലാം തരത്തിലുള്ള എത്ര കെട്ടിടങ്ങൾ ഓരോ വിഭാഗത്തിൽ നിന്നും പഠന വിഷയമാക്കേണ്ടതാണെന്നും അദ്ദേഹം വിശദീകരിച്ചു. അതിൽ തന്നെ താമസത്തിന്, കച്ചവട സ്ഥാപനങ്ങൾക്കായി, വ്യവസായ ആവശ്യങ്ങൾ എന്നീ വിഭാഗങ്ങളിൽപ്പെടുന്ന കെട്ടിടങ്ങൾ എന്നിങ്ങനെ തരം തിരിക്കുന്നതിനും സർവ്വേ നടത്തുന്നതിനും അയച്ചുതന്നിട്ടുള്ള ഫോമിൽ A,B എന്നീ വിഭാഗത്തിൽ B എന്ന ഭാഗം നഗരസഭ സെക്രട്ടറിമാർക്ക് വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉളളതാണെന്നും അറിയിച്ചു.

## Item No : 4

അടുത്തതായി തദ്ദേശ സ്വയം ഭരണ വകുപ്പിലെ ജോയിന്റ് സെക്രട്ടറി ശ്രീ. കെ.പി മാത്യു നഗരഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു.

നിയമസഭ ചോദ്യങ്ങൾക്ക് കൃത്യമായി മറുപടി നൽകുന്നതിനും, നിയമസഭ ചോദ്യങ്ങൾ, ബഹുമാനപ്പെട്ട കോടതി കേസുകൾ നിയമസഭാ സമിതി എന്നിവ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ തയ്യാറാക്കുന്നതിനും സാമൂഹ്യക്ഷേമ പെൻഷനുകൾ പരാതിക്ക് ഇടവരുത്താതെ യഥാസമയം വിതരണം ചെയ്യുന്നതിനും എല്ലാ നഗരസഭാ സെക്രട്ടറിമാരോടും ആവശ്യപ്പെട്ടു. വഴിയോര കച്ചവടക്കാരുടെ പുനരധിവാസം പൂർത്തിയാക്കുന്നതിനും, IDSMT പദ്ധതിപ്രകാരം ലഭിച്ച ഫണ്ടിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഉടനെ നൽകുന്നതിനും ആവശ്യപ്പെട്ടു.

നടപടി: എല്ലാ നഗരസഭാ സെക്രട്ടറിമാരും അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ഇപ്പോൾ വ്യാപകമായി പരാതിക്ക് ഇടവരുത്തുന്ന അനധികൃത മാംസ കച്ചവടത്തെയും, കോഴി കച്ചവടത്തിന് എതിരെയും കർശന നടപടി സ്വീകരിക്കുന്നതിനും ലൈസെൻസ് വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അല്ലാത്തപക്ഷം കടുത്ത ശിക്ഷ ചുമത്തുന്നതിനും ഡയറക്ടർ ആവശ്യപ്പെട്ടു.

**Item No : 5**

KSUDP പ്രോജക്ട് ഡയറക്ടർ ശ്രീ. ആനന്ദ് സിംഗ് ഐ.എ.എസ്. അടുത്തതായി സംസാരിച്ചു. JNNRUUM, ADB എന്നീ സ്കീമുകളെക്കുറിച്ച് കേന്ദ്ര കേരള സംസ്ഥാന സർക്കാരിൽ നിന്നും ധനസഹായം ലഭിക്കാവുന്ന വിവിധ പദ്ധതികളെക്കിറിച്ചും അവ ലഭ്യമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങളെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കി.

**Item No : 6**

ശ്രീ. ജെയിംസ് വർഗ്ഗീസ് ഐ.എ.എസ്, സോഷ്യോ എക്കണോമിക് യൂണിറ്റ് രൂപം നൽകിയിട്ടുള്ള Solid Waste Management പദ്ധതിയെക്കുറിച്ച് സംസാരിച്ചു.

സംസ്ഥാനത്തെ 2-3 ജില്ലകൾക്ക് ഒന്ന് എന്ന കണക്കിൽ Sanitary Land Fill Plant സ്ഥാപിക്കാവുന്നതാണെന്നും കേരള Land Use Board മായി ചർച്ച ചെയ്ത് അനുയോജ്യമായ സ്ഥലം കണ്ടത്തുന്നതാണെന്നും ആയതു വിജയകരമായി നടപ്പിൽ വരുത്തുന്നതിന് സഹായകരമായ ഒരു വിദഗ്ധ ടീം ഉണ്ടെന്നും അറിയിച്ചു.

നടപടി: ജോയിന്റ് ഡയറക്ടർ (ആരോഗ്യം) - ഒരു മാസത്തിനകം.

**Item No : 7**

തുടർന്ന് IKM Executive Mission Director ശ്രീ. പി.വി.ഉണ്ണികൃഷ്ണൻ സംസാരിച്ചു.

വിവധ നഗരസഭകളിൽ ജനസേവന കേന്ദ്രത്തിന്റെ 1-ാം ഘട്ടം 2004 ഡിസംബറിലും, 2-ാം ഘട്ടം 2005 മാർച്ചിലും നടപ്പിലാക്കിയതായും 13 നഗരസഭകൾ ആയതിനു അംഗീകാരം നൽകിയിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു. ആലപ്പുഴ, ചിറ്റൂർ തത്തമംഗലം എന്നീ നഗരസഭകൾ 2 ഘട്ടത്തിന്റെ തുക നൽകിയിട്ടില്ലെന്നും, 2 ഘട്ടം അംഗീകരിച്ചു നൽകിയിട്ടില്ലെന്നും ടി നഗരസഭകൾ ഉൾപ്പെടെ 14 നഗരസഭകൾ 2 ഘട്ടത്തിന്റെ തുക റിലീസ് ചെയ്തിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

2006-2007 സാമ്പത്തിക വർഷത്തിൽ Plan Formulation Data Entry 12 നഗരസഭകൾ അംഗീകരിച്ചിട്ടില്ലെന്നും, ആലപ്പുഴ നഗരസഭ 2005-2006 സാമ്പത്തിക വർഷത്തിലെ Formulation document, Treasury കണക്കുകൾ, Project wise approval, Plan Expenditure details എന്നിവയുടെ വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

2006 മാർച്ചിന് ശേഷം Plan Expenditure Details റിപ്പോർട്ട് ചെയ്യാത്ത 27 നഗരസഭകൾ ഉണ്ടന്നും, Sevana- Software ഇതു വരെ നോർത്ത് പറവൂർ, വൈക്കം, തിരുവല്ല എന്നീ നഗരസഭകളിൽ നടപ്പിലാക്കിയിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു

ടി നഗരസഭ 60 ദിവസത്തിനകം Complete Data Entry തയ്യാറാക്കി നൽകുന്നതിന് പാലക്കാട് പൂർത്തിയാക്കാനുള്ള Data Entry കുടുംബശ്രീയുടെ മറ്റുള്ള യൂണിറ്റുകളുമായി പങ്കുവെച്ചു എത്രയും വേഗം പൂർത്തിയാക്കാനതിനും ആലപ്പുഴ നഗരസഭയിൽ DPC അപ്രൂവ് ചെയ്ത സ്കീം വർക്ക് അല്ലാത്തത് formal DPC കൂടി 2 ദിവസത്തിനകം അപ്രൂവ് ചെയ്യുന്നതിനും ഗവൺമെന്റ് സെക്രട്ടറി ശ്രീ.ടി.കെ.ജോസ് ഐ.എ.എസ് നിർദ്ദേശിച്ചു.

വാർഡുതല മാപ്പുകൾ തയ്യാറാക്കിയിട്ടുള്ള സർട്ടിഫൈ ചെയ്ത് നൽകാത്ത 8 നഗരസഭകൾ ഉണ്ടന്നും, പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ, Saankhya Masters Data Collection & Verification പൂർത്തിയാകാത്ത നഗരസഭകളുടെ ലിസ്റ്റ് ശ്രീ. പി.വി.ഉണ്ണികൃഷ്ണൻ പ്രദർശിപ്പിച്ചു. പെരിന്തൽമണ്ണ, ചാവക്കാട്, അങ്കമാലി എന്നീ നഗരസഭകൾ Data Collection പൂർത്തിയാക്കിയിട്ടുണ്ടെന്നും, ആറ്റിങ്ങൽ നഗരസഭ Data Online ചെയ്തിട്ടുണ്ടെന്നും അദ്ദേഹം അറിയിച്ചു.

18 നഗരസഭകൾ web data പരിശോധിച്ചു തിരിച്ചു തന്നിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

നഗരകാര്യ വകുപ്പിലെ ജീവനക്കാർക്കും നഗരസഭാ ജീവനക്കാർക്കും മികച്ച രീതിയിൽ കംമ്പ്യൂട്ടർ ട്രെയിനിംഗ് ആവശ്യമാണെന്നും അത് ഉടനെ നൽകുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

എല്ലാ നഗരസഭ സെക്രട്ടറിമാർക്കും റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും ഓരോ LapTop ഓണക്കാലത്ത് നൽകുന്നതാണെന്നും അദ്ദേഹം അറിയിച്ചു.

നടപടി : 1.IKM എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ അടുത്ത മീറ്റിംഗിന് മുൻപായി സ്വീകരിക്കേണ്ടതാണ്. 2. എല്ലാ നഗരസഭാ സെക്രട്ടറിമാരും.

## <u>**Item No : 8**</u>

തുടർന്ന് കുടുംബശ്രീ റൂറൽ മാനേജ്മെന്റ് കൺസൽട്ടന്റ് ശ്രീ. വിനോദ് നായർ SJSRY, NSDP, VAMBAY, IHSDP എന്നീ പദ്ധതികളെക്കുറിച്ച് വിശദീകരിക്കുകയും, SJSRY പദ്ധതിപ്രകാരം ലഭിച്ച ഫണ്ടിൽ അവശേഷിക്കുന്ന തുക ട്രാൻസ്ഫർ ചെയ്യാത്ത നഗരസഭകൾ അത് ഉടനെ ട്രാൻസ്ഫർ ചെയ്യണമെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാരോടും ആവശ്യപ്പെട്ടു.

നടപടി: ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ ഉടൻ സ്വീകരിക്കേണ്ടതാണ്..

കേരള മുനിസിപ്പൽ ആക്ട് 1994 സെക്ഷൻ 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ, മുനിസിപ്പൽ പ്രദേശത്ത് ദാരിദ്ര്യ ലഘുകരണ പരിപാടികൾ നടപ്പാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ റവന്യൂ വരുമാനത്തിന്റെ 2 ശതമാനം ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കുന്നതിനായി നൽകേണ്ടതും അത് അതതു സമയം സർക്കാർ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കേണ്ടതുമാണ് എന്ന വ്യവസ്ഥയിലേക്ക് ഗവഃ സെക്രട്ടറി ശ്രദ്ധ ക്ഷണിച്ചു. എന്നാൽ പത്തനംതിട്ട, തൃപ്പൂണിത്തുറ എന്നീ അപൂർവ്വം നഗരസഭകൾ മാത്രമാണ് ടി വ്യവസ്ഥ പാലിക്കുന്നത് എന്നും, മറ്റു നഗരസഭകളുടെ ഇക്കാര്യത്തിലുള്ള സമീപനം ന്യായീകരിക്കാവുന്നതല്ലാ എന്നും എല്ലാ നഗരസഭ സെക്രട്ടറിമാരും കൃത്യമായി പ്രസ്തുത ഫണ്ടിലേക്ക് തുക ഒടുക്കുന്നതിന് കർശനമായി നിർദ്ദേശിക്കുകയും ചെയ്തു.

നടപടി: എല്ലാ നഗരസഭ സെക്രട്ടറിമാരും സ്വീകരിക്കേണ്ടതാണ്.

## **Item No : 9**

തുടർന്ന് തദ്ദേശ സ്വയം ഭരണ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. പ്രതാപ്സേനൻ തമ്പി വിവിധ നഗരസഭകളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തത് കാരണം നടപടി പൂർത്തിയാക്കാൻ കഴിയാത്ത ഫയലുകളുടെ വിശദാംശങ്ങൾ അറിയിച്ചു (ടി ഫയലുകളുടെ ലിസ്റ്റ് പ്രത്യേകം ചേർത്തിരിക്കുന്നത് പരിശോധിച്ച് ബന്ധപ്പെട്ട സെക്രട്ടറിമാർ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്)

## **Item No : 10**

ശ്രീ. പി.എം.മുഹമ്മദ് അലി, മാനേജിംഗ് ഡയറക്ടർ, KURDFC അടുത്തതായി സംസാരിച്ചു.

KURDFC യുടെ വിവിധ പദ്ധതികളെക്കുറിച്ചും, HUDCO, CDS എന്നിവരുമായി സംയോജിച്ചു നടത്തുന്നതിനും തീരുമാനിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. KURDFC യിൽ നിന്നും വായ്പ എടുത്തതിൽ വൻ കുടിശ്ശിക ബാക്കിയുള്ള മൂവാറ്റുപുഴ, നോർത്ത് പറവൂർ, കൊടുങ്ങല്ലൂർ എന്നീ നഗരസഭകളുടെ വായ്പ തുക ഉടനെ തിരിച്ചടക്കേണ്ടതാണെന്നും Project Viability ഇല്ലാത്ത പദ്ധതികൾക്ക് വായ്പ അനുവദിക്കുന്നതല്ലെന്നും അദ്ദേഹം അറിയിച്ചു.

നടപടി: കുടിശ്ശിക ഒടുക്കാനുള്ള ടി നഗരസഭകൾക്ക് കുടിശ്ശിക ഒടുക്കുന്നതിന് 3 മാസം സമയം അനുവദിച്ചു.

**Item No : 11**

നഗരകാര്യ ഡയറക്ടറേറ്റിലെ സീനിയർ ഫൈനാൻസ് ഓഫീസർ ശ്രീ.ബി.മുരളീധരൻ അടുത്തതായി സംസാരിച്ചു.

റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ NLC നഗരസഭകളിൽ നിന്ന് യഥാസമയം ലഭിക്കാത്തത് കാരണം പെൻഷൻ ആനുകൂല്യങ്ങൾ പൂർണ്ണമായി അനുവദിക്കുന്നതിന് കാലതാമസം വരുന്നതായും റിട്ടയർ ചെയ്ത ജീവനക്കാരുടെ കാര്യങ്ങളിൽ മുൻഗണന കാണിക്കേണ്ടത് ആവശ്യമാണെന്നും സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് 1 വർഷം മുൻപായി പെൻഷൻ പേപ്പറുകൾ സമർപ്പിക്കുന്നതുവഴി NLC ശേഖരിക്കാവുന്നതും അതുവഴി ഇക്കാര്യത്തിലുള്ള കാലതാമസം ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.

കൂടാതെ ഭൂരിപക്ഷം നഗരസഭകളിൽ നിന്നും കേന്ദ്ര പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ട സി.വി.പി തുകയും പ്രതിമാസ പെൻഷൻ കോൺട്രിബ്യൂഷൻ തുകയും അടക്കുന്നതിന് താമസം ഉണ്ടാകുന്നുണ്ടെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു. കൊച്ചി, ആലപ്പുഴ നഗരസഭകളാണ് വൻ തോതിൽ വീഴ്ച വരുത്തിയിരിക്കുന്നത്. തന്മൂലം പെൻഷൻ ഫണ്ട് ശുഷ്ക്കമായി വരികയാണെന്നും ഇത് പെൻഷൻ വിതരണത്തെ ഗൗരവമായി ബാധിക്കുന്നതാണെന്നും ഫൈനാൻസ് ഓഫീസർ അറിയിച്ചു. ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് വകുപ്പ് സെക്രട്ടറി നിരദ്ദേശിച്ചു.

നടപടി: C.V.P യും പ്രതിമാസ പെൻഷൻ കോണ്ടട്രിബ്യൂഷൻ തുകയും കൃത്യമായി ഒടുക്കുന്നതിന് എല്ലാ നഗരസഭാ സെക്രട്ടറിമാരും ശ്രദ്ധിക്കേണ്ടതാണ്.

സർക്കാരിൽ നിന്നും ലഭിക്കുന്ന വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഒരു രജിസ്റ്റർ തയ്യാറാക്കി കൃത്യമായി രേഖപ്പെടുത്തുന്നതിനും, വിവിധ പദ്ധതികൾക്കായി ലഭിച്ച ഫണ്ടുകളുടെ വിനിയോഗ സർട്ടിഫിക്കറ്റ് നൽകാത്ത നഗരസഭകൾ അത് ഉടനേ നൽകേണ്ടതാണെന്നും അദ്ദേഹം അറിയിച്ചു.

നടപടി: രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് നഗരസഭാ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.

**Item No : 12**

നഗരകാര്യ ഡയറക്ടറേറ്റിലെ P.FO, A.A, JD(H), LO എന്നിവർ നഗരകാര്യ ഡയറക്ടറേറ്റിലും. സർക്കാരിലേക്കും അയക്കേണ്ട റിപ്പോർട്ടുകൾ യഥാസമയം അയക്കേണ്ടതാണെന്നും, ആവശ്യമായ എല്ലാ രേഖകൾ സഹിതം അപേക്ഷകൾ അയക്കേണ്ടതാണെന്നും അറിയിച്ചു. കോടതിയിൽ നൽകേണ്ട Statement of Facts തയ്യാറാക്കുന്നതിനായി നഗരസഭകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടുകൾ

നിരവധിയുണ്ടെന്നും ലോ ഓഫീസർ അറിയിച്ചു. (ആയതിന്റെ ലിസ്റ്റ് പ്രത്യേകം ചേർത്തിട്ടുള്ളത് പരിശോധിച്ച് റിപ്പോർട്ട് മടക്കത്തപാലിൽ ലഭിക്കുന്നതിനും ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്.)

**Item No : 13**

തുടർന്ന് കൊല്ലം, കൊച്ചി, കോഴിക്കോട് മേഖല ജോയിന്റ് ഡയറക്ടർമാർ നഗരസഭ ഭരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചു.

**Item No : 14**

കോർപ്പറേഷൻ ഭരണ സംവിധാനത്തെക്കുറിച്ച് കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി ശ്രീ. പി.വേണുഗോപാലും , മുനിസിപ്പൽ ഭരണ സംവിധാനത്തെക്കുറിച്ച് തലശ്ശേരി നഗരസഭ സെക്രട്ടറി ശ്രീ. ജോണി സെബാസ്റ്റ്യനും സംസാരിച്ചു.

നഗരസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടു പോകുന്നതിനും ഓഡിറ്റ് വകുപ്പിൽ നിന്നും നേരിടുന്ന പ്രശ്നങ്ങളും ഓഫീസ് പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തുന്ന ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനും കാലാനിസൃതമായ ചട്ടങ്ങൾ ഇല്ലാത്തത് കാരണം ഭരണസംവിധാനം കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്നും, നിലവിലുള്ള ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനും അവർ ആവശ്യപ്പെട്ടു. കൂടാതെ സഗരസഭ സെക്രട്ടറിമാർക്ക് identity card അനുവദിക്കണമെന്നും അവർ അഭിപ്രായപ്പെട്ടു.

നടപടി - Identity Card വിതരണം നടത്തുന്നതിന് നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

**Decision**

(1) നഗരഭരണം കാര്യക്ഷമമാക്കുന്നതിന് എല്ലാവരുടെയും കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്നും, തുടർന്ന് എല്ലാ മാസത്തെ 4 ാം പ്രവർത്തി ദിവസങ്ങൾ നഗരസഭ സെക്രട്ടറിയുടെ നേതൃത്വത്തിൽ നഗരസഭാ ജീവനക്കാരുടെയും, 6 ാം പ്രവർത്തി ദിവസം റീജിയണൽ ജോയിന്റ് ഡയറക്ടറുടെ തലത്തിൽ മേഖലാ യോഗം നടത്തുന്നതിനും, 10 ാം പ്രവർത്തി ദിവസം സംസ്ഥാനതലത്തിൽ നഗരസഭാ സെക്രട്ടറിമാരുടെ അവലോകനയോഗം നടത്തുന്നതി ന് തീരുമാനിച്ചു. അടുത്ത സംസ്ഥാന യോഗം 19-09-2006 ന് ആയിരിക്കും.

നടപടി - മേഖലാ ജോയിന്റ് ഡയറക്ടർമാർ, ജോയിന്റ് ഡയറക്ടർ(ഭരണം), നഗരസഭാ സെക്രട്ടറിമാർ.

അടുത്ത സംസ്ഥാനതല യോഗത്തിനുള്ള ഏകോപനം :

നെയ്യാറ്റിൻകര, വർക്കല, നെടുമങ്ങാട് നഗരസഭാ സെക്രട്ടറിമാർ

(2) എല്ലാ നഗരസഭ സെക്രട്ടറിമാരും ഓഫീസ് ഇമെയിൽ അടിയന്തിരമായി തുടങ്ങി വിവരം അറിയിക്കുന്നതിനും ശ്രീ.ടി.കെ.ജോസ് ഐ.എ.എസ് നിർദ്ദേശിച്ചു.

നടപടി - നഗരസഭാ സെക്രട്ടറിമാർ. IKM.

(3) നഗരസഭാ സെക്രട്ടറിമാർ ദൈനംദിന ഭരണപരമായ കാര്യങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ നഗരസഭ സെക്രട്ടറിമാരുടെ പ്രതിനിധികളുമായി പ്രത്യേകിച്ച് ചർച്ച ചെയ്യണമെന്ന് ഗവൺമെന്റ് സെക്രട്ടറി അറിയിച്ചു.

നടപടി - നഗരസഭാ സെക്രട്ടറിമാരുടെ പ്രതിനിധികൾ.

യോഗത്തിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളും റിപ്പോർട്ടുകളും നൽകുന്നതിനും എടുത്തിട്ടുള്ള തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനും എല്ലാ ജീവനക്കാരുടെയും പൂർണ്ണമായ സഹകരണം ഗവൺമെന്റ് സെക്രട്ടറി ആവശ്യപ്പെട്ടു.

## Conclusion

നഗരകാര്യ ജോയിന്റ് ഡയറക്ടർ (ഭരണം) ശ്രീ. എം.ആർ. അഭിലാഷ് കൃതജ്ഞത രേഖപ്പെടുത്തി.

യോഗം 7.15 പി.എം ന് അവസാനിച്ചു.

**ശ്രീ.ടി.കെ.ജോസ്, ഐ.എ.എസ്**
ഗവഃ സെക്രട്ടറി
തദ്ദേശ സ്വയം ഭരണ വകുപ്പ്

**ശ്രീ. എ.ഷാജഹാൻ, ഐ.എ.എസ്**
നഗരകാര്യ ഡയറക്ടർ

<u>പകർപ്പ് :</u>

1. ഡയറക്ടർ ക്ളീൻ കേരള മിഷൻ
2. പ്രോജക്ട് ഡയറക്ടർ KSUDP
3. MD, KURDFC
4. Executive Mission Director, IKM
5. Executive Director, Kudumbasree.
6. യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും.

**അനുബന്ധം 1**

1. ശ്രീ.ജെയിംസ് വർഗ്ഗീസ് ഐ.എ.എസ് - എക്സിക്യൂട്ടീവ് ഡയറക്ടർ, സോഷ്യോ എക്കണോമിക് യൂണിറ്റ്.
2. ശ്രീ. ആനന്ദസിംഗ് ഐ.എ.എസ് - പ്രോജക്ട് ഡയറക്ടർ, KSUDP
3. ശ്രീ. എ.ഷാജഹാൻ ഐ.എ.എസ് - നഗരകാര്യ ഡയറക്ടർ
4. ശ്രീ. പി.വി. ഉണ്ണികൃഷ്ണൻ - എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, IKM
   - Member, State Planning Board
5. ശ്രീ. സലീം - ഡയറക്ടർ, ക്ളീൻ കേരള മിഷൻ
6. ശ്രീ. എസ്.പരമേശ്വരൻ നായർ - മുൻ മുനിസിപ്പൽ അഡ്മിനിസ്ട്രേഷൻ ഡയറക്ടർ
7. ശ്രീ. കെ.പി. മാത്യൂ - ജോയിന്റ് സെക്രട്ടറി, LSGD
8. ശ്രീമതി. സുധ - ടൗൺപ്ളാനർ, ചീഫ് ടൗൺ പ്ളാനിംഗ് വകുപ്പ്
9. ശ്രീ. പി.എം. മുഹമ്മദ് അലി - മാനേജിംഗ് ഡയറക്ടർ, KURDFC
10. ശ്രീ. എം.എ.ശ്രീധരൻ നായർ - RJD, Kollam
11. ശ്രീ. മുഹമ്മദ് ഷെരീഫ് - RJD, Kochi
12. ശ്രീ. ആർ.കെ.സത്യനാഥൻ - RJD, Kozhikode
13. ശ്രീ. എം.ആർ. അഭിലാഷ് - ജോയിന്റ് ഡയറക്ടർ(ഭരണം), O/o the DUA
14. ഡോ. തോമസ്സ് വർഗ്ഗീസ് - ജോയിന്റ് ഡയറക്ടർ(ഹെൽത്ത്), O/o the DUA
15. ശ്രീമതി. ശോഭാ നായർ - ലോ ഓഫീസർ, O/o the DUA
16. ശ്രീ. ബി. മുരളീധരൻ - F.O, O/o the DUA
17. ശ്രീ. പ്രതാപ്സേനൻ തമ്പി - ഡെപ്യൂട്ടി സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
18. ശ്രീ. അജികുമാരൻ - സെക്ഷൻ ഓഫീസർ, തദ്ദേശ സ്വയം ഭരണ വകുപ്പ്
19. ശ്രീമതി. മറിയാമ്മ മാത്യു - P.F.O, O/o the DUA
20. ശ്രീ. മുഹമ്മദ് നരോത്ത് - A.A, O/o the DUA
21. ശ്രീ. വിനോദ് നായർ - റൂറൽ മാനേജ്മെന്റ് കൺസൽറ്റന്റ്, Kudumbasree

# Name of Municipal / Corporation Secretaries

| Sl. No | | Name | Mobile No |
|---|---|---|---|
| | **Regional Office** | | |
| 1 | RJDUA, Kollam | M.A.Sreedharan Nair | 9446425234 |
| 2 | RJDUA, Kochi | C.M.Muhammed Sheriff | 9447937971 |
| 3 | RJDUA, Kozhikode | R.K.Sathyanathan | 9847252934 |
| | **Corporation** | | |
| 1 | Thiruvananthapuram | T.K.Raveendran | 9447044141 |
| 2 | Kochi | V.K.Raju | 9387761833 |
| 3 | Kollam | A.K.Sasikala | |
| 4 | Thrissur | P.M.Devarajan | 9847724734 |
| 5 | Kozhikode | P.Venugopal | 9446373522 |
| | **Ist Grade Municipalities** | | |
| 1 | Alappuzha | B.Indrabalan Pillai | |
| 2 | Changanassery | C.Radhakrishna Kurup | 9447556949 |
| 3 | Kottayam | Sabeena Paul | 9847528666 |
| 4 | Thiruvalla | T.Sudhadevi | 9349150337 |
| 5 | Aluva | P.V.Jyothi | |
| 6 | Perumbavoor | K.V.Vijayakumar | 9446023043 |
| 7 | Tirur | Kunhi Mohammed | 9446515233 |
| 8 | Kannur | T.Santhosh | |
| 9 | Vadakara | S.Vijayakumar | 9447430808 |
| 10 | Palakkad | Baby Antony | 9447421768 |
| 11 | Thalassery | Johny Sebastian | 9447054572 |
| 12 | Kasaragod | George Vallakkalil | 9446051557 |
| | **IInd Grade Municipalities** | | |
| 1 | Neyyattinkara | Binu Francis | 9447303769 |
| 2 | Attingal | M.Nizarudeen | 9447320755 |
| 3 | Punalur | R.Sudheer Raj | 9447857824 |
| 4 | Pathanamthitta | R.Prakasan Pillai (ME In-Charge) | 9446348496 |
| 5 | Kayamkulam | Deepa.L.S | 9446171281 |
| 6 | Cherthala | K.Harikumar | 9947264804 |
| 7 | Palai | K.Sudheer | 944708030 |
| 8 | Thodupuzha | N.Lalu | 9847541901 |
| 9 | Kothamangalam | Dr. Samji David | 9447349131 |
| 10 | Muvattupuzha | V.R.Raju | 9447413433 |
| 11 | Kunnamkulam | N.Vijayakumar | 9495507539 |
| 12 | North Paravoor | C.Vijayamohanan | 9447439102 |
| 13 | Thripunithura | G.Padmakumar | 9446480585 |
| 14 | Angamaly | Sathyavan | 9446217842 |

| | | | |
|---|---|---|---|
| 15 | Chalakkudy | P.Sudhakaran | 9847152499 |
| 16 | Irinjalakkuda | P.G.Gopi | 9349858538 |
| 17 | Kodungalloor | K.V.S.Sivan | 9447274918 |
| 18 | Shoranur | R.Lalu | 9447638886 |
| 19 | Malappuram | S.Jayakumar | 9447878805 |
| 20 | Perinthalmanna | K.S.Lalithambika | 9847471444 |
| 21 | Manjeri | K.M.Basheer | 9447209079 |
| 22 | Kanhangad | B.K.Balraj | 94476735 |
| **IIIrd Grade Municipalities** | | | |
| 1 | Nedumangad | A.S.Anuja | 9349806709 |
| 2 | Varkala | S.Meenakumari | 9387801926 |
| 3 | South Paravoor | G.Rajendran Nair | |
| 4 | Adoor | P.K.Premlal (ME In-charge) | 9447439862 |
| 5 | Mavelikkara | B.Sreekumar | 9447687903 |
| 6 | Chengannur | K.Premachandran | 9447253937 |
| 7 | Vaikom | P.A.Pius | 9447282309 |
| 8 | Kalamassery | G.Sudhakaran | 9446443202 |
| 9 | Chavakkadu | N.Santhoshkumar | 9446397212 |
| 10 | Guruvayur | C.C.Sasidharan | 9847210068 |
| 11 | Chittoor- Thathamangalam | Raghu Raman | |
| 12 | Ottappalam | R.Vijayan | 9447654535 |
| 13 | Ponnani | V.K.Rajan | 9447516521 |
| 14 | Kalpetta | K.N.Krishnankutty | 9446392799 |
| 15 | Payyannur | K.Premachandran | 9446317523 |
| 16 | Kuthuparambu | P.K.Radhamohan | 9447690796 |
| 17 | Thaliparambu | P.Radhakrishnan | 9447964037 |
| 18 | Koilandy | Ajesh.T.G | 9446822566 |
| 19 | Mattannur | K.P.Vinayan | 9447360258 |
| 20 | Thrissur - Electricity | T.P.Satheesan | 9446688046 |

**അനുബന്ധം 2**

# Reports Pending with Municipalities

| Sl.No | File Number | Subject | Outside number with date | Report pending with | Date of last communication |
|---|---|---|---|---|---|
| 1 | 9389/G3/89/LSGD | O.P. No. 25193/98 filed by Malineekarana Nirmarjana Samithi | | Secretary Alappuzha Municipality | 19.5.03 |
| 2 | 215/G3/01/LSGD | CMP 60183/00 O.P 35193/00 filed by Sri. P.V.Chacko and 6 others | | Secretary Thiruvalla Municipality | 26.5.03 |
| 3 | 31081/G3/01/LSGD | O.P.No. 13291/01 filed by Sri. P.K.Sreedharan Nambiar | | Secreatry Payyannur Municipality | 26.5.03 |
| 4 | 56801/G3/01/LSGD | Environmental Committee- Cherthala KSRTC Bus Stand- Environmental Pollution - reg | PH-1578/2000 11.6.03 | Secretary Cherthala Municipality | 12.2.04 |
| 5 | 58041/G3/01/LSGD | Environmental problems caused by gold purification center in Alappuzha | H3-6108/2000 1.11.03 | Secretary Alappuzha Municipality | 26.5.03 |
| 6 | 22570/G3/02/LSGD | Environmental committee- Environmental problems in Vallikkunnu area | | Secretary Kannur Municipality | 28.5.03 |
| 7 | 51889/G3/02/LSGD | Construction of Industrial park in the land proposed for solid waste disposal | | Secretary Guruvayoor Municipality | 12.5.03 |
| 8 | 53644/G3/02/LSGD | Closing of leather centers in Tirur Municipality | | Secretary Tirur Municipality | 16.12.02 |
| 9 | 11967/G3/03/LSGD | Solid Waste Management-complaint | | Secretary Guruvayoor Municipality | 12.3.03 |
| 10 | 19454/G3/03/LSGD | Taste of salt in well – water in Tirur Municipality | | Secretary Tirur Municipality | 19.5.03 |
| 11 | 22531/G3/03/LSGD | Petition submitted by the residents of ward no . 19 of Kayamkulam Municipality | | Secretary Kayamkulam Municipality | 22.05.03 |
| 12 | 27638/G3/03/LSGD | Environmental Committee (96-98) – Action taken on the recommendation of 6th report | | Secretary Alappuzha Municipality | 12.2.04 |

| | | | | | |
|---|---|---|---|---|---|
| 13 | 27917/G3/03/LSGD | Construction of drainage in Guruvayoor | | Secretary Guruvayoor Municipality | 1.7.03 |
| 14 | 28747/G3/03/LSGD | Payyannur Municipality-Pollution – Petition – reg | | Secretary Payyannur Municipality | 19.7.03 |
| 15 | 28748/G3/03/LSGD | Need for public cremation ground at Muvattupuzha | | Secretary Muvattupuzha Municipality | 21.7.03 |
| 16 | 32946/G3/03/LSGD | Defunct Palakkad Development Authority – Rent of building-Revalidation of cheque – reg | | Secretary Palakkad Municipality | 10.7.03 |
| 17 | 36045/G3/03/LSGD | Electric cremation ground in Thiruvalla defects – reg | | Secretary Thiruvalla Municipality | 29.7.03 |
| 18 | 47850/G3/03/LSGD | Exposure of wastes from Punalur Government Hospital | | Secretary Punalur Municipality | 18.10.03 |
| 19 | 33996/G1/03/LSGD | Thalassery Municipality layout for a stadium at Konor voyal | | Secretary Thalassery Municipality | 9.11.05 |
| 20 | IIII/G1/03/LSGD | Thalassery Municipality – Masterplan | | Secretary Thalassery Municipality | 8.5.06 |
| 21 | 45864/G1/03/LSGD | Reimbursement of amount from defunct development authorities | | Secretary Alappuzha Municipality | 9.11.05 |
| 26 | 42535/G1/00/LSGD | Development Plan for Pala Town | | Secretary Pala Municipality | 5.10.05 |
| 27 | 56337/G1/02/LSGD | Complaint against – Varkala Master plan | | Secretary Varkala Municipality | 2.1.06 |
| 28 | 186/G1/04/LSGD | Alappuzha Canal Improvement & Town Developmment | | Secretary Alappuzha Municipality | 14/6/06 |
| 29 | 8542/G1/04/LSGD | Zoning Exemption – | | Secretary Palakkad Municipality | 25/3/06 |
| 30 | 16233/G1/04/LSGD | Exemption from DTP scheme | | Secretary Ponnani Municipality | 19/12/05 |
| 31 | 37166/G1/04/LSGD | Exemption from acquisition | | Secretary Palakkad Municipality | 27/12/05 |

| | | | | | |
|---|---|---|---|---|---|
| 32 | 16785/G1/05/LSGD | ബസ്ബേ സംവിധാനം ഏർപ്പെടുത്തി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള നടപടി | | Secretary Pala Municipality | 19/1/06 |
| 33 | 39176/G1/05/LSGD | Reducing the width of the road envisaged in the DTP scheme | | Secretary Thalassery Municipality | 4/4/06 |
| 34 | 42311/G1/05/LSGD | OP No. 10915/95 filed for Sri. C.M.Cheru, Judgement | | Secretary Kunnamkulam Municipality | |
| 35 | 46317/G1/05/LSGD | Master Plan for Alappuzha – | | Secretary Alappuzha Municipality | 7/11/05 |
| 36 | 28213/A2/06/LSGD | RP No. 578/04 in OP No 11673/94/HC filed by K.O.Subran UDC | | Secretary Chalakkudy Municipality | 18/7/06 |
| 37 | 28992/A2/04/LSGD | Complaint No 614/04 filed by Sri. John | | Secretary Trivandrum Corporation | 6/8/04 |
| 38 | 25450/A2/06/LSGD | WP(c) 16649/06 filed by V.J Kurian , Kozhikode Corporation | | Secretary Kozhikode Corporation | 30/6/06 |
| 39 | 20662/A3/06/LSGD | WP (c) 11534/06 filed by Radha K | | Secretary Kayamkulam Municipality | 6/6/06 |
| 40 | 11851/A3/LSGD | WP (c) 64671/06/filed by Shajumon MG & others | | Secretary Thrissur Corporation | 27/1/06 |
| 41 | 52950/A3/LSGD | WP (c) 32250/03 filed by M.Sudhakaran & others | | Secretary Kottayam Municipality | 1/8/06 |
| 42 | 26111/A3/05/LSGD | WP (c) 8820/06 filed by A.M.Abdul Karim | | Secretary Chittoor Thathamangalam Municipality | 14/6/05 |
| 43 | 16053/A3/06/LSGD | WP (c) 17184/06 filed by Nirmala G | | Secretary Mavelikkara Municipality | 27.7.06 |
| 44 | 20798/A3/06/LSGD | O.P 18505/01 filed by K.P.Sreelatha | | Secretary Kochi Corporation | 19.06.06 |

**അനുബന്ധം 3**

**Legal Section**
**List of cases pending without receiving report/statement of facts from various Municipalities**

| Sl | File No | Case No | Name of Petitioner | Subject |
|---|---|---|---|---|
| **Thalassery** | | | | |
| 1 | L-2882/02 | OP No. 5102/00 | V.K.V.Muhammed | To return the four wheeled cart |
| **Chengannur** | | | | |
| 1 | L-3576/02 | OP No. 4032/02 | V Gopalan & Others | Recategorise the petitioners as sanitation workers |
| **Changanassery** | | | | |
| 1 | L-16701/03 | WP(c). 7677/03 | Smt. Pathumma @ Kunhumol | For Family Pension |
| **Punalur** | | | | |
| 1 | L-25906/03 | WP(c) 32050/03 | Jyothikumar | Demolision of Shop |
| **Tirur** | | | | |
| 1 | L-11160/04 | WP(c) 16314/04 | Moideenkutty | Performance Audit |
| **Chalakkudy** | | | | |
| 1 | L-21553/04 | WP(c) 32331/04 | I.Chandrasekharan | Recovery from DCRG |
| **Aluva** | | | | |
| 1 | L-11894/04 | WP(c) 10432/03 | M.N.Venugopal | Disciplinary Action |
| **Nedumangadu** | | | | |
| 1 | L-21837/04 | Complaint No. 2409/04 (Kerala Lok Ayuktha) | V.S.Ashok | Quashing the proposal action of demolishing the shop |
| **Thodupuzha** | | | | |
| 1 | L-6037/04 | WP(c) 8883/04 | T.K.Sudhakaran Nair | Misutilisation of Plan Fund |
| **Payyannur** | | | | |
| 1 | L-11727/04 | WP(c) 11237/04 | P.K.Kunjiraman Nambiar | Non-Disbursement of Advocate Fees |
| 2 | L-226/06 | WP(c) 35849/05 | S.K.Vijayan | Disbursement of pensionary claims |
| **North Parur** | | | | |
| 1 | L-4759/05 | WP(c) 11843/05 | P.Radhakrishnan | Appointment as contingent worker |
| **Alappuzha** | | | | |
| 1 | L-18783/04 | WP(c) 30567/04 | Sarojini & 2 Others | Contingent employees - Disburse the arrear pension |
| 2 | L-4207/04 | WP(c) 25060/03 | C.A.Rosamma | Appointment in compassionate scheme |
| 3 | L-7375/04 | WP(c) 20913/02 | Prasanna & Others | Judgement complaince |
| 4 | L-1268/05 | WP(c) 33628/06 | P.A.Mariamma | Sanitation Worker - Pensionary Benefits |

| | | | | |
|---|---|---|---|---|
| **Neyyattinkara** | | | | |
| 1 | L-4023/05 | WP(c) 8074/05 | K.Divakaran Nair | Recovery from DCRG |
| **Muvattupuzha** | | | | |
| 1 | L-7372/04 | WP(c) 24136/04 | A.M.Salam | Remove the unauthorised & illegal structures in front of the shop |
| **Kochi** | | | | |
| 1 | L-18112/03 | WP(c). 12889/03 | A. Mary | Pensionary benefit to the legal heirs (judgement implementation) |
| **Thrissur** | | | | |
| 1 | L-13911/04 | WP(c) 22725/04 | P.Martin | Issue of surcharge notice |
| 2 | L-15808/04 | WP(c) 26209/04 | C.George & Others | To Promote Lineman Gr. I & II |
| **Kollam** | | | | |
| 1 | L-25872/03 | WP(c) 37857/03 | Sasidharan & Others | Against the order in RC 13/03 of State Election Commission |
| **Thiruvananthapuram** | | | | |
| 1 | L-11552/04 | Complaint No. 614/04 (Kerala Lok Ayukta) | John Kuzhivila | Salary Recovery |
| 2 | L-13559/05 | W.A 53/02 | Parukkutti Amma | For Family Pension |
| 3 | L-1778/06 | Complaint No. 143/06 (Kerala Lok Ayukta) | T.Roselet Fancy | Recovery from DCRG |

# അനുബന്ധം 4

മേഖലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ നടപടി എടുക്കാത്ത ഫയലുകളുടെ വിവരം

**മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ് – കൊല്ലം**

1. L-12245/03 – വർക്കല നഗരസഭ സെക്രട്ടറിക്കെതിരെ കൗൺസിലർ ശ്രീ. എം. എൻ.ത്യാഗരാജൻ നൽകിയ പരാതി സംബന്ധിച്ച്.
2. L-2218/05 – ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി മുനിസിപ്പൽ സ്വത്ത് ദുർവിനിയോഗം സംബന്ധിച്ച് കൗൺസിലർമാരുടെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തത്-സംബന്ധിച്ച്.
3. L-5855/05 – ചങ്ങനാശ്ശേരി നഗരസഭയിലെ 13 ാം വാർഡ് പുനഃ ക്രമീകരണം സംബന്ധിച്ച്.
4. L-5785/05 – തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വ്യാജ ജാതി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്കെതിരെയുള്ള നടപടി സംബന്ധിച്ച്.

**മേഖല ജോയിന്റ് ഡയറക്ടർ ഓഫീസ് – കൊച്ചി**

1. L-24379/03 – അങ്കമാലി നഗരസഭ വക ബസ് സ്റ്റാൻഡിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ടെന്റർ സംബന്ധിച്ച്.
2. L-15050/05 – ഷൊർണ്ണൂർ നഗരസഭ സെക്രട്ടറി ശ്രീ. രാധാമോഹന് എതിരെയുള്ള പരാതി സംബന്ധിച്ച്.
3. L-9803/05 – ഇരിഞ്ഞാലക്കുട നഗരസഭ 11 ാം വാർഡ് കൗൺസിലർ ശ്രീ.ടി.എസ്.വർഗ്ഗീസിന്റെ കൗൺസിലർഷിപ്പ് റദ്ദ് ചെയ്യണമെന്നുള്ള ആവശ്യം സംബന്ധിച്ച്
4. L-9086/05 – കൊച്ചി നഗരസഭയിലെ 49 ാം ഡിവിഷനിലെ കൗൺസിലർ ശ്രീമതി സുജ റോയിയെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള അനുമതി സംബന്ധിച്ച്.
5. L-5856/05 – കൊച്ചി കോർപ്പറേഷനിൽ 1 മുതൽ 20 വരെയുള്ള ഡിവിഷൻ ഉൾപ്പെടുന്ന പ്രദേശങ്ങൾ ചേർത്ത് പുതിയ മുനിസിപ്പാലിറ്റി രൂപികരിക്കണം എന്ന ആവശ്യം സംബന്ധിച്ച്.

കുടുംബശ്രീ മിഷനിൽ നിന്നും റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീർപ്പാക്കാത്ത ഫയലുകളുടെ വിവരം

1. L-10648/05 – മുനിസിപ്പാലിറ്റി ആക്ട് സെക്ഷനിൽ 22(1F) നടപ്പാക്കുന്നതിൽ അപാകത സംബന്ധിച്ച്.